പത്രക്കുറിപ്പ്
31-08-2017

## കേരളത്തിലെ നഗരങ്ങളിലെ തെരുവിലുറങ്ങുന്നവർ 3195, അവർക്കായി കുടുംബശ്രീ അഭയകേന്ദ്രങ്ങൾ

തിരുവനന്തപുരം- കേരളത്തിലെ എല്ലാ നഗരങ്ങളിലെയും തെരുവിൽ അന്തിയുറങ്ങുന്നവരെ കണ്ടെത്താൻ ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം) നടത്തിയ സർവ്വേ പൂർത്തിയായി. കേരളത്തിലാകെ 93 നഗരസഭകളിലായി 3195 പേർ പൊതുസ്ഥലത്ത് അന്തിയുറങ്ങുന്നതായി സർവ്വേയിൽ കണ്ടെത്തി. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം ഇത്തരക്കാർക്കായി സുസ്ഥിര അഭയകേന്ദ്രങ്ങൾ ഒരുക്കി നൽകും. തെരുവിലുറങ്ങുന്നവരിൽ 2625 പേർ പുരുഷന്മാരും 564 പേർ സ്ത്രീകളും ആറ് പേർ ട്രാൻസ്ജെൻഡേഴ്സുമാണ്. ഒരു വർഷത്തിലേറെയായി തെരുവിലുറങ്ങുന്നവരുടെ എണ്ണം 2106 ആണ്.

ഏറ്റവും കൂടുതൽ പേർ തെരുവിലുറങ്ങുന്ന നഗരം കോഴിക്കോട് കോർപ്പറേഷനാണ്, ജില്ലയിൽ എറണാകുളവും. നഗരങ്ങളിൽ തെരുവിലുറങ്ങുന്നവരിൽ 61 ശതമാനവും കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, സുൽത്താൻ ബത്തേരി, കണ്ണൂർ, കൊല്ലം, തൃശ്ശൂർ, കോട്ടയം, പാലക്കാട്, തലശ്ശേരി, വടകര, കുന്നംകുളം, ആലപ്പുഴ, ചാലക്കുടി, കൽപ്പറ്റ, കാസർഗോഡ്, അങ്കമാലി എന്നിവിടങ്ങളിലാണ്. ഇതിൽ 1465 പേരും കൂലി വേല ചെയ്യുന്നവരാണ്. തെരുവു കച്ചവടക്കാർ 221 പേരും ഉൾപ്പെടുന്നു. ഭിക്ഷയാചിച്ച് ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നവർ 679. തെരുവിലുറങ്ങുന്നവരിൽ പകുതിയോളം 41നും 60നും ഇടയിൽ പ്രായമുള്ളവരാണ്. പൊതുസ്ഥലത്ത് അന്തിയുറങ്ങുന്നവർ ഏറ്റവും കുറവുള്ള ജില്ല ഇടുക്കിയാണ്, 38 പേർ. പത്തനംതിട്ടയിലും (59) കാസർഗോഡും (68) പൊതുനിരത്തിലുറങ്ങുന്നവർ താരതമ്യേന കുറവാണ്. നേരത്തേ സംസ്ഥാനത്തെ 14 നഗരസഭകളിൽ പ്രാരംഭ സർവേകൾ നടത്തിയിരുന്നു. തെരുവിലുറങ്ങുന്ന 250ഓളം പേരെ പ്രസ്തുത സർവ്വേയിൽ കണ്ടെത്തിയിരുന്നു.

പൊതുനിരത്തിലുറങ്ങുന്നവർക്കായി ഏർപ്പെടുത്തുന്ന സുസ്ഥിര അഭയ കേന്ദ്രങ്ങളിൽ സുരക്ഷിതത്വവും ശുചിത്വ സൗകര്യങ്ങളും ശുദ്ധജല ലഭ്യതയും നഗരസഭകൾ വഴി ഉറപ്പ് വരുത്തും. 24 മണിക്കൂറും പ്രവർത്തിക്കുന്ന അഭയകേന്ദ്രങ്ങൾ നഗരപരിധികളിലായിരിക്കും. നഗരത്തിൽ നിന്നും ജീവനോപാധി കണ്ടെത്തുന്നവർക്ക് തടസം കൂടാതെ ഏത് സമയത്തും ജോലിക്ക് പോകുന്നതിനും തിരികെ വരുന്നതിനും സഹായകമാകുന്ന രീതിയിലാണ് ഈ അഭയകേന്ദ്രങ്ങൾ പ്രവർത്തിക്കുക. ദേശീയ നഗര ഉപജീവന ദൗത്യം സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിലെ

അംഗങ്ങളും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ആരോഗ്യ വിഭാഗം ജീവനക്കാരും പോലീസും ഉൾപ്പെടുന്ന സംഘമാണ് സർവ്വേ നടത്തിയത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**